2026
MARCH
19
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പാചകവാതക ക്ഷാമം:
# പൂഴത്തിവെയ്പ്പിനെതിരെ നടപടികൾ ശക്തമാക്കി

**ന്യൂഡൽഹി:** പശ്ചിമേഷ്യൻ സംഘർത്തിന്റെ പശ്ചാത്തലത്തിൽ ഉടലെടുത്തിരിക്കുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ രാജ്യത്തുടനീളം എൽപിജി പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും തടയുന്നതിന് എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കിയതായി കേന്ദ്രസർക്കാർ. 12,000ത്തിലധികം റെയ്ഡുകൾ നടത്തുകയും 15,000ത്തിലധികം സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചെയ്തു. ഡൽഹി, ഗോവ, ഉത്തർപ്രദേശ്, ജമ്മു കശ്മീർ, കേരളം, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നാണ് പ്രധാന നടപടികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സുഗമമായ വിതരണം ഉറപ്പാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനുമായി പൊതുമേഖലാ എണ്ണ വിപണന കമ്പനികൾ ചില്ലറ വിൽപ്പനശാലകളിലും എൽപിജി വിതരണ കേന്ദ്രങ്ങളിലും 2,500ലധികം മിന്നൽ പരിശോധനകൾ നടത്തിയതായി അധികൃതർ വ്യക്തമാക്കി. മുൻഗണനാ വിഭാഗങ്ങൾക്ക് പിഎൻജി, സിഎൻജി എന്നിവയുടെ 100 ശതമാനം വിതരണം ഉൾപ്പെടെ സംരക്ഷിത വാതക വിതരണം തുടരുന്നുണ്ട്. റിഫൈനറികളിൽ നിന്നുള്ള ആഭ്യന്തര എൽപിജി ഉത്പാദനം ഏകദേശം 38 ശതമാനം വർദ്ധിപ്പിച്ചു. ഓൺലൈൻ എൽപിജി ബുക്കിംഗുകൾ ഏകദേശം 94 ശതമാനമായി വർദ്ധിച്ചു. അതേസമയം, ദുരുപയോഗം തടയുന്നതിനായുള്ള ഡെലിവറി ഓതന്റിക്കേഷൻ കോഡ് പരിധി പ്രതിസന്ധിക്ക് മുമ്പുണ്ടായിരുന്ന 53 ശതമാനത്തിൽ നിന്ന് ഏകദേശം 76 ശതമാനമായി ഉയർത്തിയിട്ടുണ്ട്.അതേസമയം, വ്യാവസായിക, വാണിജ്യ ഉപഭോക്താക്കൾക്കുള്ള വിതരണം ഏകദേശം 80 ശതമാനമായി നിയന്ത്രിച്ചിട്ടുണ്ട്.



നഗരപ്രദേശങ്ങളിലെ വാണിജ്യ എൽപിജി ഉപഭോക്താക്കൾ പിഎൻജി(Piped Natural Gas) യിലേക്ക് മാറാൻ ശ്രമിക്കണമെന്ന് അധികൃതർ വ്യക്തമാക്കി. ഹോട്ടലുകൾ, റെസ്റ്ററന്റുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അംഗീകൃത സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ (സിജിഡി) ഏജൻസികളിൽ നിന്ന് പിഎൻജി കണക്ഷനുകൾ നേടാവുന്നതാണ്. ഐജിഎൽ, എംജിഎൽ, ഗെയിൽ ഗ്യാസ്, ബിപിസിഎൽ എന്നിവയുൾപ്പെടെയുള്ള സിജിഡി കമ്പനികൾ ഗാർഹിക, വാണിജ്യ പിഎൻജി കണക്ഷനുകൾക്ക് ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ട്.

സർക്കാർ സിജിഡി ശൃംഖല വിപുലീകരിക്കുകയാണ്. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തീർപ്പുകൽപ്പിക്കാത്ത അപേക്ഷകളിൽ വേഗത്തിൽ അനുമതി നൽകാനും, റോഡ് പുനരുദ്ധാരണ അനുമതി ചാർജ്ജുകൾ ഒഴിവാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജോലി സാഹചര്യങ്ങളിൽ ഇളവ് വരുത്തി പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയമിക്കാനും സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും അഭ്യർത്ഥിച്ചിട്ടുണ്ടെന്നും കേന്ദ്രസർക്കാർ വ്യക്തമാക്കി. നിലവിലെ സാഹചര്യത്തിൽ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി 48,000 കിലോ ലിറ്റർ മണ്ണെണ്ണ അധികമായി അനുവദിച്ചിട്ടുണ്ട്. ബിഹാർ, ഛത്തീസ്ഗഢ്, മണിപ്പൂർ, കേരളം, തമിഴ്നാട്, ഉത്തർപ്രദേശ്, ഗുജറാത്ത്, കർണ്ണാടക ഉൾപ്പെടെയുള്ള നിരവധി സംസ്ഥാനങ്ങൾ മണ്ണെണ്ണ വിഹിതം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

# നിയമസഭാ തിരഞ്ഞെടുപ്പ്: നിയോഗിച്ചിരിക്കുന്നത് 25 ലക്ഷത്തിലധികം ഉദ്യോഗസ്ഥരെ

**ന്യൂഡൽഹി:** അഞ്ചു സംസ്ഥാനങ്ങളിലായി നടക്കുന്ന തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി 25 ലക്ഷത്തിലധികം ഉദ്യോഗസ്ഥനെ നിയോഗിച്ചതായി ഇലക്ഷൻ കമ്മീഷൻ വ്യക്തമാക്കി. അസം, കേരളം, പുതുച്ചേരി, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനും 6 സംസ്ഥാനങ്ങളിലെ ഉപതെരഞ്ഞെടുപ്പുകൾക്കുമായാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത്.

അഞ്ച് സംസ്ഥാനങ്ങളിലുമായി 17. 4 കോടിയിലധികമാണ് വോട്ടർമാരുള്ളത്. ഓരോ 70 വോട്ടർമാർക്കും ഏകദേശം ഒരു തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ എന്ന നിലയിലാണ് വിന്യസിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് അക്രമരഹിതവും സമാനാപൂർണ്ണവും ആണെന്ന് ഉപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വ്യക്തമാക്കി. ഭയമോ പക്ഷപാതമോ കൂടാതെ വോട്ട് ചെയ്യാൻ ഓരോ വോട്ടർക്കും അവസരമൊരുക്കും. വിന്യസിച്ചിരിക്കുന്ന 25 ലക്ഷത്തിലധികം ഉദ്യോഗസ്ഥരിൽ ഏകദേശം 15 ലക്ഷം പോളിംഗ് ഉദ്യോഗസ്ഥർ, 8.5 ലക്ഷം സുരക്ഷാ ഉദ്യോഗസ്ഥർ, 40,000 കൗണ്ടിംഗ് ഉദ്യോഗസ്ഥർ, 49,000 മൈക്രോ ഒബ്സർവർമാർ, 21,000 സെക്ടർ ഓഫീസർമാർ, കൗണ്ടിങ്ങിനായി 15,000 മൈക്രോ ഒബ്സർവർമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നു. 2.18 ലക്ഷത്തിലധികം ബിഎൽഒമാർ ഉൾപ്പെടെയുള്ള ഫീൽഡ് തല തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ, ഫോൺ കോളിലൂടെയും ഇസിനെറ്റ് ആപ്പിലെ ബുക്ക് എകോൾ ടു ബിഎൽഒ സൗകര്യത്തിലൂടെയും വോട്ടർമാർക്ക് ബന്ധപ്പെടാനാകും.

ഡിഇഒ/ആർഒ തലത്തിൽ ഏത് പരാതിയും/അന്വേഷണവും രജിസ്റ്റർ ചെയ്യുന്നതിന് +91 (എസ്ടിഡി കോഡ്) 1950 എന്ന കോൾ സെന്റർ നമ്പറും ലഭ്യമാണ്. 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 28 എയിലെ വ്യവസ്ഥകൾ പ്രകാരം, വിന്യസിക്കപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും തിരഞ്ഞെടുപ്പ് കമ്മീഷനിലേക്ക് ഡെപ്യൂട്ടേഷനിൽ ഉള്ളവരായി കണക്കാക്കും. പൊതു തിരഞ്ഞെടുപ്പുകളിലും ഉപതെരഞ്ഞെടുപ്പുകളിലും കമ്മീഷന്റെ കണ്ണും കാതുമായി പ്രവർത്തിക്കുന്നതിന് 832 നിയമസഭാ മണ്ഡലങ്ങളിലായി 1,111 കേന്ദ്ര നിരീക്ഷകരെയും വിന്യസിച്ചിട്ടുണ്ട്.

ഇതിൽ 557 പൊതു നിരീക്ഷകർ, 188 പോലീസ് നിരീക്ഷകർ, 366 ചെലവ് നിരീക്ഷകർ എന്നിവർ ഉൾപ്പെടുന്നു. വിന്യസിക്കപ്പെട്ട മിക്ക കേന്ദ്ര നിരീക്ഷകരും ഇതിനകം തന്നെ അവരുടെ നിയുക്ത നിയോജക മണ്ഡലങ്ങളിൽ എത്തിയിട്ടുണ്ട്. സ്ഥാനാർത്ഥികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, അല്ലെങ്കിൽ പൊതുജനങ്ങൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി, അവരുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ ദിവസവും നിശ്ചിത സമയത്ത് നിരീക്ഷകർ കേൾക്കുന്നതായിരിക്കും.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **തുതിയൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം :** തുതിയൂർ ഉത്സവം വൈകിട്ട് 7ന് പുലിയന്നൂർ ശ്രീജിത്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെയും ശശി നമ്പൂതിരിപ്പാടിന്റെയും മുഖ്യകാർകത്വത്തിൽ കൊടിയേറ്റ് നടക്കും.

■ **ഇടപ്പള്ളി സെയിന്റ് ജോർജ് ഫൊറോന പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആചാരണവും ഊട്ടുനേർച്ചയും രാവിലെ 10.30ന് വികാരി ഫാ. ജേക്കബ് പുതുശ്ശേരിയുടെ കാർമികത്വത്തിൽ ദിവ്യബലി.

■ **കണ്ണമാലി പള്ളി** : വിശുദ്ധ യൗസേപ്പിതാവിന്റെ നേർച്ചസദ്യ തിരുനാൾ രാവിലെ 7 മുതൽ.

### പെരുമ്പാവൂർ

■ **കുറിച്ചിലക്കോട് ആനക്കൽ ദേവീ ക്ഷേത്രം :** ചിലമ്പ് ഉത്സവം രാവിലെ 8.30 ന് പൊങ്കാല, രാത്രി 7ന് വിവിധ കലാപരിപാടികൾ.

### കോതമംഗലം

■ **തൃക്കാരിയൂർ മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.

■**തിരുവാരപ്പെട്ടി മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.

■ **കോതമംഗലം ദേവഗിരി ശ്രീനാരായണ ഗുരുദേവ ക്ഷേത്രം :** പ്രതിഷ്ഠാ ഉത്സവം രാവിലെ 6 മുതൽ.

### പറവൂർ

■ **നീറിക്കോട് സെന്റ് ജോസഫ് പള്ളി :** വിശുദ്ധ യൗസെപ്പ് പിതാവിന്റെ മരണ തിരുനാളും നേർച്ച സദ്യയും രാവിലെ 9.30ന്.

### മൂലമ്പിള്ളി

■ **മൂലമ്പിള്ളി പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ. രാവിലെ 9.30 ന് ദിവ്യബലി, പ്രദക്ഷിണം, തുടർന്ന് നേർച്ചസദ്യ.

### കാഞ്ഞിരമറ്റം

■ **ആമ്പല്ലൂർ പള്ളി :** ഔസേപ്പിതാവിന്റെ മരണത്തിരുനാളും ഊട്ടു തിരുനാളും. രാവിലെ 10.30 മുതൽ പാട്ടുകുർബാന, കാർമ്മികൻ റവ.ഫാ. നിഖിൽ മുളവരിക്കൽ , ഊട്ടു നേർച്ചസദ്യ.

# വൈപ്പിനിൽ അനിത തോമസും തൊടുപുഴയിൽ അഡ്വ.റോയി വാരിക്കാട്ടും ട്വന്റി20 സ്ഥാനാർത്ഥികൾ


അനിത തോമസ്


അഡ്വ.റോയി വാരിക്കാട്ട്

കൊച്ചി: നിയമസഭാ തിരഞ്ഞെടുപ്പിൽ വൈപ്പിനിലും തൊടുപുഴയിലും മൽസരിക്കുന്ന ട്വന്റി20 - എൻ ഡി എ പാർട്ടി സ്ഥാനാർഥികളെ പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ് പ്രഖ്യാപിച്ചു. നർത്തകിയും നടിയും സംരംഭകയുമായ അനിത തോമസാണ് വൈപ്പിൻ നിയോജക മണ്ഡലത്തിലെ ട്വന്റി20-എൻ.ഡി.എ സ്ഥാനാർത്ഥി. കൊച്ചി സ്വദേശിനിയും കൊച്ചിൻ കോളേജ് അലുമിനി അസ്സോസിയേഷൻ രക്ഷാധികാരിയും, പ്രമുഖ സാമൂഹിക പ്രവർത്തകയുമായ അനിത തോമസ് കഴിഞ്ഞ കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ കൊച്ചി കോർപ്പറേഷൻ രവിപുരം ഡിവിഷനിൽ സ്ഥാനാർത്ഥിയായിരുന്നു.

നിയമ സഭയിലേയ്ക്ക് അനിതയുടെ കന്നി അങ്കമാണിത്. വൈപ്പിൻ മണ്ഡലത്തിൽ 2021ൽ ട്വന്റി20 ഒറ്റയ്ക്ക് മത്സരിച്ചപ്പോൾ രാംസ്ഥാനത്ത് എത്തിയിരുന്നു. എൻഡിഎയുടെ ഉറപ്പാക്കിയ മണ്ഡലങ്ങളിൽ ഒന്നാണിതെന്നും സാബു ജേക്കബ് പറഞ്ഞു. മുതിർന്ന അഭിഭാഷകനും മുല്ലപ്പെരിയാർ സംരക്ഷണ സമിതിയുടെ ശിൽപിയുമായ അഡ്വ. റോയി എ വാരിക്കാട്ട് ആണ് എൻ.ഡി.എയ്ക്കുവേണ്ടി തൊടുപുഴയിൽ ജനവിധി തേടുന്നത്. തൊടുപുഴ ന്യൂമാൻ കോളേജിലെ യൂണിയൻ ചെയർമാനായി ഡിഗ്രി രണ്ടാം വർഷം തിരഞ്ഞെടുക്കപ്പെട്ടതോടെ ആരംഭിച്ചതാണ് റോയിയുടെ പൊതുപ്രവർത്തനം. തൊടുപുഴയുടെ ഓരോ സ്പന്ദനത്തിലും 1980 മുതൽ റോയി വാരിക്കാട്ട് സജീവമാണ്. നിയമസഭയിലേയ്ക്കുള്ള റോയിയുടെ രണ്ടാമത്തെ അങ്കമാണിത്.

# നിയമസഭാ തെരഞ്ഞെടുപ്പ്: കെ.പി.എം.എസ് നിലപാട് സംസ്ഥാന കമ്മിറ്റി തീരുമാനിക്കും

**കൊച്ചി:** നിയമസഭാ തെരഞ്ഞെടുപ്പിൽ നിലപാട് തീരുമാനിക്കാൻ സംസ്ഥാന കമ്മിറ്റിയെ ചുമതലപ്പെടുത്തി മൂന്ന് ദിവസങ്ങളിലായി എറണാകുളത്ത് നടന്ന കെപിഎംഎസ് സംസ്ഥാന സമ്മേളനം അവസാനിച്ചു. തെരെഞ്ഞെടുപ്പിനെ സംബന്ധിച്ച ചർച്ചകൾ സമ്മേളനത്തിൽ ഉയർന്നുവന്നെങ്കിലും കെ.പി.എം.എസ് മുന്നോട്ട് വക്കുന്ന സാമൂഹ്യ നീതിയുടെയും പരിഷ്കരണ ആശയങ്ങളുടെയും അടിസ്ഥാനത്തിൽ മത്സരരംഗത്തുള്ള മുന്നണികളുടെ നിലപാടുകളും ഇലക്ഷൻ മാനിഫെസ്റ്റോയും പരിഗണിച്ച് നിലപാട് സ്വീകരിക്കാൻ സമ്മേളനം സംസ്ഥാന കമ്മറ്റിയെ ചുമതലപ്പെടുത്തുകയായിരുന്നു. സുഹൃദ് സമ്മേളനം വ്യവസായ നിയമ വകുപ്പ് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. കെ.പി.എം.എസ് സംസ്ഥാന ഖജാൻജി അഡ്വ.എ.സനീഷ് കുമാർ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, കെപിഎംഎസ് ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ, രമപ്രതാപൻ, എൻ.ബിജു തുടങ്ങിയവർ സംസാരിച്ചു. സിവിൽ സർവീസ് പരീക്ഷയിൽ റാങ്ക് ജേതാവ് ദിവ്യബഎസിനെ യോഗത്തിൽ അനുമോദിച്ചു. പുതിയ ഭാരവാഹികളായി അഡ്വ.എ.സനീഷ് കുമാർ (പ്രസിഡന്റ് ), പുന്നല ശ്രീകുമാർ (ജനറൽ സെക്രട്ടറി), പി.എ.അജയഘോഷ് (ഖജാൻജി ), ഡോ: ആർ. വിജയകുമാർ (വർക്കിങ്ങ് പ്രസിഡന്റ്), പി.വി.ബാബു (സംഘടനാ സെക്രട്ടറി), എം.ടി. മോഹനൻ ,രമ പ്രതാപൻ , സുജ സതീഷ് (വൈസ് പ്രസിഡന്റുമാർ), എൻ.ബിജു, അഖിൽ . കെ.ദാമോദരൻ, ബിജു വർണ്ണശാല (അസിസ്റ്റന്റ് സെക്രട്ടറിമാർ) തുടങ്ങി 75 അംഗ സംസ്ഥാന കമ്മറ്റിയേയും തിരഞ്ഞെടുത്തു.

## ‘ആരോഗ്യത്തിലൂടെ സ്ത്രീ ശാക്തീകരണം’ പ്രോഗ്രാം സംഘടിപ്പിച്ചു




**കോഴിക്കോട്:** ‘ആരോഗ്യത്തിലൂടെ സ്ത്രീ ശാക്തീകരണം’ എന്ന പ്രമേയം അടിസ്ഥാനമാക്കി കോഴിക്കോട് ഗവ. സൈബർ പാർക്കും ഗൈനോ ജിം, കാലിക്കറ്റ് ഫോറം ഫോർ ഐടി(കാഫിറ്റ്) എന്നിവർ സംയുക്തമായി പ്രത്യേക പരിപാടി സംഘടിപ്പിച്ചു. സൈബർ പാർക്കിലെ വനിതാ ജീവനക്കാർക്കായി സംഘടിപ്പിച്ച ഈ പരിപാടിയിൽ ആരോഗ്യ കായിക ക്ഷമതയുമായി ബന്ധപ്പെട്ട വിവിധ സെഷനുകൾ നടന്നു. അത്യാധുനിക സാങ്കേതിക വിദ്യയായ 'ഇൻബോഡി' ഉപയോഗിച്ചുള്ള ബോഡി കോമ്പോസിഷൻ അനാലിസിസ്, വിദഗ്ധർ നയിച്ച ന്യൂട്രിഷൻ കൺസൾട്ടേഷൻ, ഫിറ്റ്നസ് കൺസൾട്ടേഷൻ എന്നിവയായിരുന്നു പരിപാടിയുടെ പ്രധാന ആകർഷണങ്ങൾ. ജോലിസ്ഥലത്തെ മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കാനും ശാരീരിക ആരോഗ്യം മെച്ചപ്പെടുത്താനും ഇത്തരം ബോധവൽക്കരണ പരിപാടികൾ അത്യന്താപേക്ഷിതമാണെന്ന് സംഘാടകർ അറിയിച്ചു.

കോഴിക്കോട് പുതുതായി പ്രവർത്തനം ആരംഭിച്ച വനിതാ ജിം ആയ 'ഗൈനോ ജിമ്മി'ന്റെ ടീം അംഗങ്ങളാണ് ആരോഗ്യ പരിശോധനകൾക്കും കൺസൾട്ടേഷനുകൾക്കും നേതൃത്വം നൽകിയത്. സൈബർ പാർക്കിലെ വിവിധ കമ്പനികളിൽ നിന്നായി നിരവധി വനിതാ ജീവനക്കാർ പരിപാടിയിൽ സജീവമായി പങ്കെടുത്തു.

## ടാഗോർ കാലങ്ങൾക്ക് മുമ്പേ സഞ്ചരിച്ച വിദ്യാഭ്യാസ വിചക്ഷണൻ : പ്രൊഫ. സിസ തോമസ്



**കൊച്ചി:** കാലങ്ങൾക്ക് മുമ്പേ സഞ്ചരിച്ച വിദ്യാഭ്യാസ വിചക്ഷണനാണ് രവീന്ദ്രനാഥ ടാഗോർ. വിദ്യാഭ്യാസമെന്നത് അറിവ് മാത്രമല്ല, മനുഷ്യനാകാനുള്ള പരിശീലനമാണെന്ന് ഉദ്ഘോഷിച്ച ടാഗോർ, ജീവിതവും പഠനവും ഒരുമിച്ച ഒരു മനുഷ്യസ്നേഹിയായിരുന്നുവെന്ന് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് പറഞ്ഞു. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സെന്റർ ഫോർ രവീന്ദ്രനാഥ ടാഗോർ സ്റ്റഡീസ് സംഘടിപ്പിച്ച ദേശീയ സെമിനാർ കാലടി മുഖ്യ കാമ്പസിലുള്ള ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രൊഫ. സിസ തോമസ്. അറിവിനൊപ്പം മനുഷ്യകേന്ദ്രീകൃതവും സൃഷ്ടിപരവുമായ ഒരു വിദ്യാഭ്യാസ രീതി അവലംബിച്ച ടാഗോറിന്റെ ലോകത്തിൽ സാഹിത്യം, സംഗീതം, വിദ്യാഭ്യാസം, പ്രകൃതി, മാനവികത എന്നിവയെല്ലാം ഒരുപോലെ ചേർന്നിരിക്കുന്നു. വിദ്യാഭ്യാസത്തെയും മനുഷ്യത്വത്തെയും ഒരുമിപ്പിച്ച ടാഗോറിന്റെ വിദ്യാഭ്യാസ ദർശനം വെറും അറിവ് സമ്പാദനത്തിൽ മാത്രം ഒതുങ്ങിയതല്ല; മറിച്ച് മനുഷ്യനെ സമഗ്രമായി വളർത്തുന്ന പ്രക്രിയയായാണ് അദ്ദേഹം കണ്ടതെന്നും പ്രൊഫ. സിസ തോമസ് പറഞ്ഞു. രവീന്ദ്രനാഥ ടാഗോറിന്റെ ബഹുമുഖ ലോകങ്ങൾ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ രജിസ്ട്രാർ ഡോ. മോത്തി ജോർജ് അധ്യക്ഷനായിരുന്നു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. പ്രൊഫ. ശ്രീകല എം. നായർ, പ്രൊഫ. രാജി ബി. നായർ, പ്രൊഫ. സി. എം മനോജ് കുമാർ, പ്രൊഫ. കെ. ആർ സജിത, പ്രൊഫ. ആർ. ഡി സുനിൽ കുമാർ, പ്രൊഫ. മഞ്ജു ഗോപാൽ, ഡോ. ടി. ജി. ജ്യോതിലാൽ, കെ. ശ്യാംജിത്ത് എന്നിവർ പ്രസംഗിച്ചു.

# നിയമസഭാ തിരഞ്ഞെടുപ്പ്: ജില്ലയിലെ സാഹചര്യം വിലയിരുത്തി ചെലവ് നിരീക്ഷകർ




**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ജില്ലയിലെ ഒരുക്കങ്ങളും ക്രമീകരണങ്ങളും വിലയിരുത്തുന്നതിനായി എത്തിച്ചേർന്ന കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചെലവ് നിരീക്ഷകരെ കാക്കനാട് സിവിൽ സ്റ്റേഷനിൽ ജില്ലാ കളക്ടറും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുമായ ജി. പ്രിയങ്കയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. കേന്ദ്ര നിരീക്ഷകരായ നീരജ് കുമാർ, അങ്കിത കാർ, സാഹിൽ സേത്ത്, അജയ് കുമാർ ജാ എന്നിവരാണ് ജില്ലയിലെത്തി പ്രവർത്തനങ്ങൾ വിലയിരുത്തിയത്.

തിരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യവും സുഗമവുമായി നടത്തുന്നതിനു ജില്ലയിൽ സജ്ജമാക്കിയിട്ടുള്ള വിപുലമായ ക്രമീകരണങ്ങളെക്കുറിച്ച് ജില്ലാ കളക്ടർ തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥരുടെ യോഗത്തിൽ നിരീക്ഷകർക്ക് വിശദീകരിച്ചു. ജില്ലയിലെ വിവിധ വകുപ്പുകളുടെ ഏകോപനവും സുരക്ഷാ സജ്ജീകരണങ്ങളും യോഗത്തിൽ ചർച്ച ചെയ്തു. അനധികൃത പണമിടപാട്, ആയുധക്കടത്ത്, ലഹരിക്കടത്ത് എന്നിവ തടയുന്നതിനും പെരുമാറ്റച്ചട്ട ലംഘനങ്ങൾ കണ്ടെത്തുന്നതിനുമായി ജില്ലയിൽ കർശന പരിശോധനകൾ നടന്നുവരുകയാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

പരിശോധനകൾക്കായി ജില്ലയിലുടനീളം ഫ്ളയിങ് സ്ക്വാഡ്, നിശ്ചിത കേന്ദ്രങ്ങളിൽ വാഹന പരിശോധനയും പണമിടപാടുകളും നിരീക്ഷിക്കാൻ വീഡിയോ സ്റ്റാറ്റിക് സർവെയലൻസ് ടീം, തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളുടെ ചെലവുകൾ വീഡിയോ സഹിതം രേഖപ്പെടുത്താൻ സർവെയലൻസ് ടീം, പൊതുസ്ഥലങ്ങളിലെ പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിനും ചട്ടലംഘനങ്ങൾ തടയുന്നതിനും ആന്റി ഡിഫേസ്മെന്റ് ടീം എന്നിവയെ നിയോഗിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ പറഞ്ഞു. സാമൂഹിക മാധ്യമങ്ങളിൽ ഉൾപ്പെടെ പരസ്യങ്ങൾ വരുന്നുണ്ടെങ്കിൽ അവ ബന്ധപ്പെട്ട പാർട്ടിയുടെയോ അല്ലെങ്കിൽ സ്ഥാനാർഥിയുടെയോ ചെലവിൽ ഉൾപ്പെടുത്തുമെന്ന് ജില്ലാ കളക്ടർ കൂട്ടിച്ചേർത്തു.

തിരഞ്ഞെടുപ്പ് ചെലവുകളുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് കമ്മീഷൻ നിരീക്ഷകർ നിർദ്ദേശം നൽകി.

## ദേശീയ ടെൻപിൻ ബൗളിംഗ് ചാംപ്യൻഷിപ്പ് : കേരളത്തിന് നേട്ടം




*ബംഗളൂരുവിൽ നടന്ന ടെൻപിൻ ബൗളിംഗ് ചാംപ്യൻഷിപ്പിൽ പ്രോമിസിംഗ് പ്ലെയർ ആയി തിരഞ്ഞെടുക്കപ്പെട്ട കേരളത്തിന്റെ സുചിത സുനിൽകുമാർ മുൻ ദേശീയ ചാംപ്യൻ എച്ച്.വി സർദയിൽ നിന്നും അവാർഡ് ഏറ്റുവാങ്ങുന്നു. കേരള ടെൻപിൻ ബൗളിംഗ് അസോസിയേഷൻ പ്രസിഡന്റ് ജോസഫ് ജെയിംസ് ചിറ്റിലപ്പിള്ളി, ജനറൽ സെക്രട്ടറി എ. എൽ ശ്രീനിവാസൻ എന്നിവർ സമീപം.*

**കൊച്ചി:** ബംഗളൂരുവിൽ നടന്ന ടെൻപിൻ ബൗളിംഗ് ചാംപ്യൻഷിപ്പിൽ കേരളത്തിന് നേട്ടം. കേരളത്തെ പ്രതിനിധീകരിച്ച് വനിതാ വിഭാഗത്തിൽ പങ്കെടുത്ത സുചിത സുനിൽകുമാർ പ്രോമിസിംഗ് പ്ലെയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. വനിതാ വിഭാഗത്തിൽ കേരളത്തിനായി കളത്തിലിറങ്ങിയ ഏക വനിതാ അംഗവും സുചിത സുനിൽകുമാർ ആയിരുന്നു. ടെൻപിൻ ബൗളിംഗ് മുൻ ദേശീയ ചാംപ്യൻ എച്ച്.വി സർദയിൽ നിന്നും സുചിത സുനിൽകുമാർ പ്രോമിസിംഗ് പ്ലെയർ അവാർഡ് ഏറ്റുവാങ്ങി. പുരുഷ വിഭാഗത്തിൽ പങ്കെടുത്ത എൻ.എച്ച് ഷമീദും കേരളത്തിനായി മികച്ച പ്രകടനാണ് ചാംപ്യൻഷിപ്പിൽ പുറത്തെടുത്തത്. എൻ.എച്ച് ഷമീദ് രണ്ടാം റൗണ്ടിൽ കടന്നിരുന്നു.

## ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് നീക്കം ചെയ്തത് 350 പ്രചരണ ബോർഡുകൾ

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ ആന്റി ഡീഫേസ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇതുവരെ നീക്കം ചെയ്തത് 350 പ്രചരണ ബോർഡുകൾ. വിവിധ രാഷ്ട്രീയപാർട്ടികളുടെ 250 പോസ്റ്ററുകൾ, 70 ബാനറുകൾ, 50 മറ്റ് പ്രചരണ ബോർഡുകൾ എന്നിവയാണ് നീക്കം ചെയ്തത്. നിഷ്പക്ഷവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ജില്ലാതല ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധ നടത്തി.

പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ പൊതുജനങ്ങൾക്ക് സിവിജിൽ (cVIGIL) ആപ്പ് വഴിയോ mccernakulam2026@gmail.com ഇമെയിൽ വിലാസത്തിലോ അയക്കാം. ചട്ടലംഘനങ്ങളുടെ ചിത്രങ്ങളോ വീഡിയോകളോ ആണ് തത്സമയം അയക്കാവുന്നതാണ്. പൊതു അല്ലെങ്കിൽ സ്വകാര്യ സ്വത്തുക്കളിൽ അനുമതിയില്ലാതെ ചുവരെഴുത്തുകൾ നടത്തുക, പോസ്റ്ററുകൾ പതിക്കുക, ബാനറുകൾ സ്ഥാപിക്കുക, വോട്ടർമാരെ സ്വാധീനിക്കാനായി പണമോ മദ്യമോ മറ്റ് സമ്മാനങ്ങളോ വിതരണം ചെയ്യുക, അനുമതിയില്ലാതെ ഉച്ചഭാഷിണികൾ ഉപയോഗിക്കുക, വിദ്വേഷ പ്രസംഗങ്ങൾ നടത്തുക, സാമുദായിക ഐക്യം തകർക്കുന്ന രീതിയിൽ പ്രവർത്തിക്കുക, ഔദ്യോഗിക വാഹനങ്ങളോ സ്ഥാനചിഹ്നങ്ങളോ ദുരുപയോഗിക്കുക എന്നീ നിയമലംഘനങ്ങൾ പൊതുജനങ്ങൾക്ക് ആന്റി ഡീഫേസ്മെന്റ് സ്ക്വാഡിനെ അറിയിക്കാവുന്നതാണ്. പരാതി ലഭിക്കുന്ന പക്ഷം ഫൽയിംഗ് സ്ക്വാഡുകൾ ഉടനടി പരിശോധന നടത്തുകയും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യും എന്ന് ആന്റി ഡീഫേസ്മെന്റ് സ്ക്വാഡിന്റെ ജില്ലാ നോഡൽ ഓഫീസർ കൂടിയായ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി. ജേക്കബ് അറിയിച്ചു.

## പ്രതിഷേധ മാർച്ചും ധർണ്ണയും മാറ്റിവെച്ചു

**കൊച്ചി :** ഹോട്ടലുകളിലേക്കുള്ള പാചകവാതക വിതരണം പുനസ്ഥാപിക്കണമെന്ന കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷന്റെ അഭ്യർത്ഥന മാനിച്ച് പാചകവാതകം വിതരണം ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചതായി ഓയിൽ കമ്പനികളുടെ സംസ്ഥാനതല ഉന്നത ഉദ്യോഗസ്ഥരിൽനിന്നുള്ള ഉറപ്പ് ലഭിക്കുകയും ഇന്ന് തിരുവനന്തപുരത്ത് സിവിൽ സപ്ലൈസ് കമ്മീഷണർ സംഘടനയെ ചർച്ചയ്ക്ക് ക്ഷണിക്കുകയും പാചകവാതക പ്രതിസന്ധി പരിഹരിക്കാമെന്നുള്ള ഉറപ്പ് ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ എറണാകുളം അമ്പലമുകളിലുള്ള ബി.പി.സി.എൽ. ബോട്ടിലിംഗ് പ്ലാന്റിലേക്ക് നടത്തുവാൻ നിശ്ചയിച്ചിരുന്ന പ്രതിഷേധ മാർച്ചും ധർണ്ണയും മാറ്റിവെക്കുവാൻ കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ തീരുമാനിച്ചു. എന്നാൽ 23 ൽ നടത്താൻ തീരുമാനിച്ച കടയടപ്പ് സമരം സംബന്ധിച്ച് ഓയിൽ കമ്പനികളുടെ ഭാഗത്തുനിന്നുള്ള നടപടികൾക്കനുസരിച്ച് മാത്രമെ തീരുമാനിക്കുകയുള്ളൂവെന്നും സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും, ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖും അറിയിച്ചു.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** 2026ലെ പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സ്റ്റാറ്റിക് സർവൈലൻസ് ടീം (എസ് എസ് ടി ) നടത്തുന്ന വാഹന പരിശോധനകൾ ചിത്രീകരിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചു. എച്ച്.ഡി ക്യാമറ ഉപയോഗിച്ച് പരിശോധനകൾ വ്യക്തമായി ചിത്രീകരിക്കാനും, ആവശ്യമെങ്കിൽ രാത്രികാലങ്ങളിലും സേവനം ലഭ്യമാക്കാനും തയ്യാറുള്ള വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ 'ക്വട്ടേഷൻ ഫോർ വീഡിയോഗ്രാഫി സർവീസ് ഫോർ എസ് എസ് ടി സ്ക്വാഡ് ജനറൽ ഇലക്ഷൻ 2026' എന്ന് രേഖപ്പെടുത്തിയ ക്വട്ടേഷൻ മാർച്ച് 18 ന് വൈകീട്ട് 5 ന് മുൻപായി കാക്കനാട് സിവിൽ സ്റ്റേഷനിലെ ജില്ലാ ഇലക്ഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

സൊസൈറ്റി ടുഡേ SOCIETY TODAY

# ഇന്ത്യൻ നിരത്ത് കീഴടക്കാൻ പുതിയ റെനോ ഡസ്റ്റർ




**കൊച്ചി:** ഫ്രഞ്ച് കാർ നിർമ്മാതാക്കളായ റെനോ ഗ്രൂപ്പിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ റെനോ ഇന്ത്യ പുതിയ റെനോ ഡസ്റ്റർ പുറത്തിറക്കി. ടർബോ പെട്രോൾ പതിപ്പിന് 10.49 ലക്ഷം രൂപ മുതലാണ് ഡൽഹി എക്സ്ഷോറൂം വില ആരംഭിക്കുന്നത്. വാഹനങ്ങളുടെ വിതരണം രാജ്യത്തുടനീളം ആരംഭിച്ചു. റെനോ ഗ്രൂപ്പിന്റെ അത്യാധുനിക മോഡുലാർ പ്ലാറ്റ്ഫോമിൽ (ആർജിഎംപി) നിർമ്മിച്ച പുതിയ റെനോ ഡസ്റ്റർ കരുത്തുറ്റ നിർമ്മാണശൈലിക്കും ഇന്ധനക്ഷമതയ്ക്കും ഭാവിയിലെ സാങ്കേതിക മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള ശേഷിക്കും മുൻഗണന നൽകിയാണ് വികസിപ്പിച്ചിരിക്കുന്നതെന്ന് റെനോ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് ഫ്രാൻസിസ്കോ ഹിഡാൽഗോ പറഞ്ഞു.

ഇന്ത്യൻ സാഹചര്യങ്ങൾക്കായി പ്രത്യേകം സജ്ജീകരിച്ച 6സ്പീഡ് വെറ്റ്ക്ലച്ച് ഡിസിടി  അല്ലെങ്കിൽ 6സ്പീഡ് മാനുവൽ ട്രാൻസ്മിഷനോടോ കൂടിയാണ് ലഭ്യമാകുന്നത്. ടർബോ ടിസിഇ 160 എഞ്ചിൻ 163 പിഎസ് കരുത്തും 280 എൻഎം ടോർക്കും നൽകുന്നു. റൈഡ്, ഹാൻഡ്‌ലിംഗ്, സ്റ്റിയറിംഗ്, ബ്രേക്കിംഗ് പ്രകടനം എന്നിവയിൽ ഐഡിഐഎഡിഎ വാഹനത്തിന്റെ കാര്യക്ഷമത സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ വൈവിധ്യമാർന്ന റോഡുകളിൽ മികച്ച സ്ഥിരതയും യാത്രാസുഖവും ആത്മവിശ്വാസവും നൽകുന്ന രീതിയിലാണ് ഇതിന്റെ ഷാസി സജ്ജീകരിച്ചിരിക്കുന്നത്. ഡ്രൈവർക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന രീതിയിലാണ് ഉൾവശം ക്രമീകരിച്ചിരിക്കുന്നത്. സൗകര്യപ്രദമായ സീറ്റുകളും പുറത്തെ കാഴ്ചകൾ തടസമില്ലാതെ കാണാവുന്ന ഡിസൈനും  പ്രത്യേകതയാണ്. ഗൂഗിൾ ഓട്ടോമോട്ടീവ് സർവീസുകളിലൂടെ ഗൂഗിൾ മാപ്സ്, ഗൂഗിൾ അസിസ്റ്റന്റ്, ഗൂഗിൾ പ്ലേ തുടങ്ങിയവ നേരിട്ട് ഉപയോഗിക്കാൻ സാധിക്കുന്ന ഓപ്പൺആർ ലിങ്ക് മൾട്ടിമീഡിയ സിസ്റ്റം യാത്രകൾ കൂടുതൽ എളുപ്പമാക്കുന്നു. ഓതെന്റിക്, ഇവല്യൂഷൻ, ടെക്നോ, ടെക്നോ പ്ലസ്, ഐകോണിക് എന്നീ അഞ്ച് വ്യത്യസ്ത ട്രിം വകഭേദങ്ങളിൽ പുതിയ ഡസ്റ്റർ ലഭ്യമാണ്. ഫുൾ എൽഇഡി ലൈറ്റിംഗ്, ഗൂഗിൾ ഇൻബിൽറ്റ് ആയിട്ടുള്ള ഓപ്പൺആർ ലിങ്ക് മൾട്ടിമീഡിയ, പനോരമിക് സൺറൂഫ്, ഇലക്ട്രിക് പവേർഡ് ടെയിൽഗേറ്റ് എന്നിവ ഇതിന്റെ പ്രധാന ആകർഷണങ്ങളാണ്. കൂടാതെ വെന്റിലേറ്റഡ് ഫ്ര് സീറ്റുകൾ, ഡ്യുവൽ സോൺ ക്ലൈമറ്റ് കൺട്രോൾ, 17 എഡിഎഎസ് (അഡാസ്) ഫീച്ചറുകൾ, 360 ഡിഗ്രി ക്യാമറ എന്നിവയും ഇതിൽ നൽകിയിട്ടുണ്ട്.

ആർപാസ് പ്രീബുക്കിംഗ് പ്രോഗ്രാമിലൂടെ മാർച്ച് 31നകം ബുക്ക് ചെയ്യുന്നവർക്ക് 10.29 ലക്ഷം രൂപ പ്രാരംഭ വിലയിൽ വാഹനം ലഭിക്കും. ഇതിനുപുറമെ റെനോ അംഗീകൃത സർവീസ് സെന്ററുകളിൽ കൃത്യമായ സർവീസുകൾ ചെയ്യുന്നവർക്ക് 7 വർഷത്തെ റെനോ ഫോറെവർ വാറന്റിയും ലളിതമായ സബ്സ്ക്രിപ്ഷൻ പാക്കേജുകളും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്.

## സമ്മർ സ്കൂൾ രണ്ടാം പതിപ്പുമായി കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി; രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യമായ റെസിഡൻഷ്യൽ ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം ‘ജെയിൻ യൂണിവേഴ്സിറ്റി സമ്മർ സ്കൂൾ  2026’, ഏപ്രിൽ, മെയ് മാസങ്ങളിലായി ജെയിൻ യൂണിവേഴ്സിറ്റി കൊച്ചി ക്യാമ്പസിൽ നടക്കും. പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായാണ് രാജ്യത്തെ പ്രമുഖ യൂണിവേഴ്സിറ്റികളിൽ ഒന്നായ ജെയിൻ യൂണിവേഴ്സിറ്റി സമ്മർ സ്കൂൾ സംഘടിപ്പിക്കുന്നത്. ആകെ 60 വിദ്യാർത്ഥികൾക്കാണ്

ഈ പരിപാടിയിൽ പ്രവേശനം ലഭിക്കുക. ഇതിൽ 30 സീറ്റുകൾ പത്താം ക്ലാസ് കഴിഞ്ഞവർക്കും 30 സീറ്റുകൾ പ്ലസ് ടു കഴിഞ്ഞവർക്കുമാണ് പ്രവേശനം.

താൽപര്യമുള്ളവർക്ക് https://jainuniverstiykochi.com/summer-school-2026/ എന്ന വെബ്സൈറ്റ് വഴി ഏപ്രിൽ 14നകം അപേക്ഷിക്കാം. ക്യാമ്പിൽ പങ്കെടുക്കാനുള്ള തങ്ങളുടെ താൽപ്പര്യവും കാരണവും വ്യക്തമാക്കുന്ന ഒരു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ കൂടി അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ടതുണ്ട്. പരമ്പരാഗത ക്ലാസ് മുറി പഠനത്തിനപ്പുറം, ആധുനിക ലോകത്ത് അത്യന്താപേക്ഷിതമായ പ്രായോഗിക കഴിവുകൾ വളർത്തിയെടുക്കുന്ന രീതിയിലാണ് ഈ പ്രോഗ്രാം വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ ദിവസവും അക്കാദമിക് മികവിനും വ്യക്തിത്വ വികസനത്തിനും തുല്യ പ്രാധാന്യം നൽകുന്ന രീതിയിലുള്ള സമയക്രമമാണ് നിശ്ചയിച്ചിട്ടുള്ളത്. രാവിലെകളിൽ വിമർശനാത്മക ചിന്ത, ആശയവിനിമയ ശേഷി, നേതൃപാടവം, ഡിജിറ്റൽ അവബോധം എന്നിവയിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും.

## യുടിഐ ലാർജ് ആന്റ് മിഡ് ക്യാപ് ഫണ്ടിന്റെ ആസ്തി 5700 കോടി രൂപ കടന്നു

**കൊച്ചി:** 2009ൽ ആരംഭിച്ച യുടിഐ ലാർജ് ആന്റ് മിഡ് ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആകെ ആസ്തി 5700 കോടി രൂപ കടന്നു. ഈ ഫണ്ടിന്റെ നിക്ഷേപത്തിൽ 47 ശതമാനം ലാർജ് ക്യാപ് കമ്പനികളിലും, 38 ശതമാനം മിഡ് ക്യാപ് കമ്പനികളിലും, ബാക്കി സ്മോൾ ക്യാപ് കമ്പനികളിലുമാണ് നിക്ഷേപം നടത്തിയിരിക്കുന്നത്. എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, ഇൻഫോസിസ് ലിമിറ്റഡ്, വേദാന്ത ലിമിറ്റഡ്, പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡ്, റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഓറോബിന്ദോ ഫാർമ ലിമിറ്റഡ്, ഐടിസി ലിമിറ്റഡ് എന്നീ കമ്പനികളിലാണ് ഫണ്ടിന്റെ ആകെ നിക്ഷേപത്തിന്റെ ഏകദേശം 29 ശതമാനവും.വിപണിയിലെ മുൻനിര കമ്പനികളിലും വളർച്ചാ സാധ്യതയുള്ള ഇടത്തരം കമ്പനികളിലും ഒരേപോലെ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നവർക്ക്  യുടിഐ ലാർജ് ആന്റ് മിഡ് ക്യാപ് ഫണ്ട് അനുയോജ്യമാണ്. ഓഹരികളുടെ മൂല്യം അടിസ്ഥാനമാക്കി നിക്ഷേപം നടത്തുന്ന റിലേറ്റീവ് വാല്യൂ ശൈലിയാണ് ഈ ഫണ്ട് പിന്തുടരുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ മികച്ച സാമ്പത്തിക അടിത്തറയും സമ്പത്തും കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് ഈ പദ്ധതി ഏറെ അനുയോജ്യമാണ്.

## റോബോട്ടിക് വാക്വം ക്ലീനറുകൾ അവതരിപ്പിച്ച് ഡ്രീം ടെക്നോളജി

**കൊച്ചി:** ഡ്രീം ടെക്നോളജി ഇന്ത്യയിൽ തന്റെ റോബോട്ടിക് വാക്വം പോർട്ട്ഫോളിയോ വിപുലീകരിച്ച് എൽ 40 അൾട്രാ , ഡീ20 അൾട്രാ എന്നീ മോഡലുകൾ അവതരിപ്പിച്ചു.

ആധുനിക വീടുകൾക്കായി രൂപകൽപ്പന ചെയ്ത ഈ ഉപകരണങ്ങൾ ശക്തമായ സക്ഷൻ, ഇന്റലിജന്റ് നാവിഗേഷൻ, അഡ്വാൻസ്ഡ് ഒബ്സ്റ്റക്കിൾ അവോയ്ഡൻസ് എന്നിവയുടെ സംയോജനമാണ്. എൽ 40 അൾട്രാ എഇ 19,000പിഎ സക്ഷനും ഓട്ടോമേറ്റഡ് മെയിന്റനൻസ് ഫീച്ചറുകളും നൽകുമ്പോൾ, ഡീ20 അൾട്രാ 13,000പിഎ സക്ഷനോടൊപ്പം സ്മാർട്ട് മോപ്പിംഗ് സൗകര്യവും നൽകുന്നു. ഇരു മോഡലുകളും ഹാൻഡ്സ്ഫ്രീ ക്ലീനിംഗ് അനുഭവം നൽകുന്ന മൾട്ടിഫങ്ഷണൽ ഡോക്കുകൾ ഉൾക്കൊള്ളുന്നു. ഉൽപ്പന്നങ്ങൾ ആമസോൺ ഇന്ത്യയിലും തെരഞ്ഞെടുത്ത റീട്ടെയിൽ സ്റ്റോറുകളിലും യഥാക്രമം 59,999, 39,999 വിലയിൽ ലഭ്യമാണ്.

## ഏഥർ എനർജി സർവീസ് നെറ്റ്‌വർക്ക് 500 കേന്ദ്രങ്ങളിലേക്ക് വിപുലപ്പെടുത്തി

**കൊച്ചി:** ഏഥർ എനർജി ഇന്ത്യയിലുടനീളം സർവീസ് നെറ്റ്‌വർക്ക് 500 അംഗീകൃത കേന്ദ്രങ്ങളായി വിപുലപ്പെടുത്തി. കഴിഞ്ഞ ഒരു വർഷത്തിനിടെ 277ൽ നിന്ന് ഇരട്ടിയിലേറെ വളർച്ചയാണ് കമ്പനി കൈവരിച്ചത്. രാജ്യത്ത് റീട്ടെയിൽ സാന്നിധ്യം വ്യാപിപ്പിക്കുന്നതിനൊപ്പം മികച്ച ശേഷി, വേഗത, ഉപഭോക്തൃ അനുഭവം എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഗോൾഡ് സർവീസ് സെന്ററുകൾ വഴി ആധുനിക സൗകര്യങ്ങളും സുതാര്യമായ സേവന പ്രക്രിയകളും ഉറപ്പാക്കുന്നു. 60 മിനിറ്റിനുള്ളിൽ സർവീസ് പൂർത്തിയാക്കുന്ന എക്സ്പ്രസ്കെയർ പദ്ധതിയും ചില കേന്ദ്രങ്ങളിൽ ലഭ്യമാണ്. 450 സീരീസ്, റിസ്താ സ്കൂട്ടറുകളുടെ ഉയർന്ന ആവശ്യകതയുടെ പശ്ചാത്തലത്തിലാണ് ഈ വികസനം. രാജ്യത്തെ വിവിധ നഗരങ്ങളിലായി ഇലക്ട്രിക് വാഹന ഉപയോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ സേവനം നൽകുകയാണ് ലക്ഷ്യം.

# വനിതകളുടെ നേതൃത്വത്തിലുള്ള എംഎസ്എംഇ ; പിന്തുണ നൽകാൻ പ്രത്യേക പദ്ധതിയുമായി ആക്സിസ് ബാങ്ക്

**കൊച്ചി:** വനിതകളുടെ നേതൃത്വത്തിലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക പദ്ധതികൾ ലഭ്യമാക്കുന്നതിനുള്ള വിമൺസ് സ്മോൾ ബിസിനസ് ബാങ്കിങ് പ്രൊപോസിഷൻ അവതരിപ്പിച്ച് ആക്സിസ് ബാങ്ക്. സമഗ്ര ബാങ്കിങ്, കറന്റ് അക്കൗണ്ട് നേട്ടങ്ങൾ, എല്ലാ പദ്ധതികളും ഉൾക്കൊള്ളിച്ചുള്ള ബാങ്കിങ് അനുഭവങ്ങൾ എന്നിവയിലൂടെ വനിതകളുടെ ഉടമസ്ഥതയിലുള്ള ബിസിനസുകൾ സുസ്ഥിരതയോടെ വളരാനുള്ള സംയോജിത വായ്പാ പദ്ധതികളാണ് ഇതിലൂടെ പ്രദാനം ചെയ്യുന്നതെന്ന് ആക്സിസ് ബാങ്ക് കമേഴ്സ്യൽ ബാങ്കിങ് ഗ്രൂപ്പ് മേധാവിയും പ്രസിഡന്റുമായ വിജയ് ഷെട്ടി പറഞ്ഞു. വനിതകളുടെ നേതൃത്വത്തിലുള്ള ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങൾക്ക് മികച്ച നിരക്കുകൾ, സുരക്ഷിത വായ്പകൾ, ഗ്യാരിയുടെ പിന്തുണയോടെയുള്ള വായ്പകളുടെ പലിശ നിരക്കിൽ ആനുകൂല്യം തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമായി ലഭിക്കും. അതാതു ദിവസ ഇടപാടുകൾക്കു പിന്തുണ നൽകുകയും ലിക്വിഡിറ്റി നൽകുകയും ചെയ്യുന്ന കറന്റ് അക്കൗണ്ട് ആനുകൂല്യങ്ങളും ഇതോടൊപ്പമുണ്ടാകും. വനിതാ സംരംഭകർക്ക് തങ്ങളുടെ ബിസിനസ് വിപുലമാക്കുന്നതിലും താങ്ങാനാവുന്ന വിധത്തിലെ വായ്പകൾ ലഭ്യമാക്കുന്നതിലും ഈ നീക്കം ഏറെ സഹായകമാകും.

സ്വന്തം ഉടമസ്ഥതയിലുള്ള സംരംഭങ്ങൾ, പാർട്ട്ണർഷിപ്പുകൾ, എൽഎൽപികൾ, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ തുടങ്ങി വിവിധ വിഭാഗങ്ങളിലുള്ള സംരംഭങ്ങൾക്ക് ഈ ആനുകൂല്യങ്ങൾ ലഭ്യമാകും. വായ്പാ കാലവധിയുടെ അവസാനം വരെ ഇവ ലഭ്യമാകുകയും ചെയ്യും. ആക്സിസ് ബാങ്ക് ബ്രാഞ്ചുകളിലെ സ്മോൾ ബിസിനസ് ബാങ്കിങ് ടീമുകൾ വഴി ഇവ ലഭ്യമാണ്. ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയുടെ സവിശേഷമായ അടിത്തറയെയാണ് വനിതകളുടെ നേതൃത്വത്തിലുള്ള ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങൾ പ്രതിനിധീകരിക്കുന്നതെന്നും വിജയ് ഷെട്ടി പറഞ്ഞു.

ഉദ്യം സംവിധാനത്തിലൂടെ മൂന്നു കോടിയിലേറെ വനിതാ നേതൃത്വത്തിലുള്ള ചെറുകിട സംരഭങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സംരംഭകത്വം, തൊഴിൽ, പുതുമകൾ ലഭ്യമാക്കൽ തുടങ്ങിയ മേഖലകളിലായി അവർ സംഭാവനകളും നൽകുന്നു. മൾട്ടി ട്രില്യൺ ഡോളർ സമ്പദ്ഘടനയായി ഇന്ത്യ വികസിക്കുമ്പോൾ കൃത്യമായ ചട്ടക്കൂടോടു കൂടിയ സാമ്പത്തിക പദ്ധതികൾ ഗണ്യമായ സാമ്പത്തിക മൂല്യം വഴി വളർച്ചയെ ത്വരിതപ്പെടുത്തുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# നിയന്ത്രണങ്ങളിൽ ഇളവ് നൽകുന്നത് ആഭ്യന്തരശേഷി വർധിപ്പിക്കും: ഡോ. വി. അനന്ത നാഗേശ്വരൻ




**കൊച്ചി:** ഇറക്കുമതിക്കായി മുതിരുന്നതിന് മുൻപ് നമ്മുടെ പ്രാദേശികമായ കഴിവ് തിരിച്ചറിഞ്ഞ് ബുദ്ധിപരമായ തീരുമാനങ്ങൾ എടുക്കണമെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. വി. അനന്ത നാഗേശ്വരൻ പറഞ്ഞു. 'ഹിച്ച്ഹൈക്കറുടെ ഗൈഡ്, 2025 26 ലെ സാമ്പത്തിക സർവേയിലേക്ക്' എന്ന പേരിൽ സൗത്ത് ഇന്ത്യൻ ബാങ്ക് കൊച്ചിയിൽ സംഘടിപ്പിച്ച പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിയന്ത്രണങ്ങളിൽ ഇളവ് നൽകുന്നതിലൂടെ നമ്മുടെ സംസ്ഥാനങ്ങൾക്ക് പ്രാദേശിക സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ശാക്തീകരിക്കാൻ വഴിയൊരുക്കുകയും ചെയ്യുന്നു.

ഇത് ആഭ്യന്തര ശേഷി വർദ്ധിപ്പിക്കാൻ മാത്രമല്ല, നമ്മുടെ എംഎസ്എംഇകൾക്ക് ആഗോള മൂല്യ ശൃംഖലകളുമായി സംയോജിപ്പിക്കാനുള്ള അവസരം നൽകുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി. ആർ. ശേഷാദ്രി, സൗത്ത് ഇന്ത്യൻ ബാങ്ക് ചെയർമാൻ വി.ജെ കുര്യൻ, ബാങ്കിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ആന്റോ ജോർജ് തുടങ്ങിയവർ സംസാരിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മുതിർന്ന നേതൃനിരയിലുള്ള വ്യക്തികളും വിവിധ സഹകാരികളും ബാങ്ക് ബ്രാഞ്ച് അംഗങ്ങളും പങ്കെടുത്തു.

# 20 ദിവസത്തിനുള്ളിൽ 20 പുതിയ ഷോറൂമുകൾ; വിപുലീകരണ പദ്ധതിയുമായി മലബാർ ഗോൾഡ്

**കൊച്ചി:** മലബാർ ഗോൾഡ് ആന്റ് ഡയമ്സ് ഇന്ത്യയിൽ 20 ദിവസത്തിനുള്ളിൽ 20 ഷോറൂമുകൾ ആരംഭിച്ചുകൊണ്ട് വൻ വിപുലീകരണ പദ്ധതി പ്രഖ്യാപിച്ചു. ഇന്ത്യൻ ജ്വല്ലറി മേഖലയിൽ നടക്കുന്ന ഏറ്റവും വേഗത്തിലുള്ളതും അസാധാരണവുമായ ഈ വിപുലീകരണ പദ്ധതിക്ക് 1580 കോടിയോളം രൂപയാണ് മുതൽ മുടക്കുന്നത്. ഇതിലൂടെ 725 ലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം പി അഹമ്മദ് പറഞ്ഞു.

20 പുതിയ ഷോറൂമുകൾ കൂടി ആരംഭിക്കുന്നതോടെ 14 രാജ്യങ്ങളിലായി മലബാർ ഗോൾഡ് ആന്റ് ഡയ്സിന്റെ ആകെ ഷോറൂമുകളുടെ എണ്ണം 445 ആയി ഉയരും. ഝാൻസി, കല്ലാകുറിച്ചി, ഗ്വാളിയോർ, ചിറ്റൂർ, ഹൽദ്വാനി, തേനി, ജാംനഗർ, റാഞ്ചി, കൊൽക്കത്ത വി ഐ പി റോഡ്, അലിഗഡ്, കെ ആർ പുരം (ബെംഗളൂരു), വിശാഖപട്ടണത്തിലെ ഇനോർബിറ്റ് മാൾ, കാഞ്ച്രപാര, സെറാംപൂർ, ഹുബ്ലിയിലെ ഗോകുൽ റോഡ്, മണിനഗർ, ഗുരുഗ്രാം സെക്ടർ 14, ഹൈദരാബാദിലെ ജൂബിലി ഹിൽസ് സംഗറെഡ്ഡി, ഗുവാഹത്തി എന്നിവിടങ്ങളിലാണ് വിപുലീകരണ പദ്ധതിയുടെ ഭാഗമായി പുതിയ ഷോറൂമുകൾ ആരംഭിക്കുന്നത്.

# 'ഇസുസു ഐകെയർ പ്രീസമ്മർ ക്യാമ്പ്'നടത്തും

**കൊച്ചി:** ഇസുസു മോട്ടോഴ്സ് ഇന്ത്യ തങ്ങളുടെ ഇസുസു ഡിമാക്സ് പിക്ക് അപ്പുകൾക്കും എസ്‌യുവികൾക്കുമായി രാജ്യവ്യാപകമായി 'ഇസുസു ഐകെയർ പ്രീസമ്മർ ക്യാമ്പ്' സംഘടിപ്പിക്കും. ഈ സീസണിലുടനീളം രാജ്യത്തുടനീളം തടസ്സങ്ങളില്ലാത്ത ഡ്രൈവിംഗ് അനുഭവം ഉറപ്പാക്കുന്നതിനായി ഉപഭോക്താക്കൾക്ക് ആവേശകരമായ ആനുകൂല്യങ്ങളും പ്രതിരോധ പരിശോധനകളും വാഗ്ദാനം ചെയ്യാനാണ് ഈ സേവന ക്യാമ്പ് ലക്ഷ്യമിടുന്നത്. 'ഇസുസു കെയറി'ന്റെ ഭാഗമായി, മാർച്ച് 23 മുതൽ 28 വരെ എല്ലാ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിലും പ്രീസമ്മർ ക്യാമ്പ് സംഘടിപ്പിക്കും. ഈ കാലയളവിൽ ഉപഭോക്താക്കളുടെ വാഹനങ്ങൾക്ക് പ്രത്യേക ഓഫറുകളും ആനുകൂല്യങ്ങളും ലഭിക്കും.

ബംഗളൂരു, കോഴിക്കോട്, ചെന്നൈ, ചിക്കമംഗളൂരു, കോയമ്പത്തൂർ, എറണാകുളം, ഹുബ്ബള്ളി, ഹൈദരാബാദ്, കായംകുളം, കോലാപൂർ, കോട്ടയം, ട്രിച്ചി, തിരുവനന്തപുരം, വിജയവാഡ, വിശാഖപട്ടണം തുടങ്ങി രാജ്യത്തെ എല്ലാ അംഗീകൃത ഇസുസു സേവന സെന്ററുകളിലും പ്രീസമ്മർ ക്യാമ്പ് നടക്കും. സർവീസ് ബുക്കിംഗിനായി ഉപഭോക്താക്കൾക്ക് അടുത്തുള്ള ഇസുസു ഡീലർ ഔട്ട്ലെറ്റിൽ വിളിക്കുകയോ https://www.isuzu.in/servicebooking.html സന്ദർശിക്കുകയോ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 1800 4199 188 (ടോൾ ഫ്രീ) എന്ന നമ്പറിൽ ബന്ധപ്പെടാം.

# ചിന്മയ വിശ്വവിദ്യാപീഠവും സിഐആർഡിഎപി ധാരണാപത്രം ഒപ്പുവച്ചു



**കൊച്ചി:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയും ഏഷ്യ പസഫിക് മേഖലയുമുള്ള സമഗ്ര ഗ്രാമവികസന കേന്ദ്രമായ ബംഗ്ലാദേശിലെ ധാക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഓൺ ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് ഫോർ ഏഷ്യ ആൻഡ് ദി പസഫിക്കും (സിഐആർഡിഎപി) തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. കാർഷിക മേഖലയുടെ വികസനം, ഗ്രാമവികസനം, ഗവേഷണം, സാങ്കേതികവിദ്യ കൈമാറ്റം, തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഉടമ്പടി.

സർവകലാശാലയുടെ എറണാകുളത്തെ പ്രഞ്ജാപ്രതിഷ്ഠാനിൽ നടന്ന ചടങ്ങിൽ സർവകലാശാല റജിസ്ട്രാർ ഡോ.പി.രാജേന്ദ്രനും സി.ഐ.ആർ.ഡി.എ.പി ഡയറക്ടർ ജനറൽ ഡോ. പി. ചന്ദ്രശേഖരയും തമ്മിലാണ് കരാർ ഒപ്പുവച്ചത്. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. മനോജ് കുമാർ അറോറയുടെ സാന്നിധ്യത്തിലായിരുന്നു ധാരണാപത്രം ഒപ്പുവച്ചത്.

ഗ്രാമങ്ങളുടെ വികസനവും കാർഷിക മേഖലയുടെ സമഗ്ര പുരോഗതിയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും സിഐആർഡിഎപിയും തമ്മിലുള്ള സഹകരണം അനിവാര്യമാണെന്ന് ഡോ. പി. ചന്ദ്രശേഖര പറഞ്ഞു. കർഷകരെ ശാക്തീകരിക്കുന്നതിനും കാർഷിക ഉൽപനങ്ങളുടെ വിപണന മേഖല വിപുലീകരിക്കുന്നതിനും നൂതനമായ ആശയങ്ങളുടെ ആവശ്യകതയും കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടി. സർവകലാശാലയുടെ വളർച്ചയിലെ നിർണായക നാഴികക്കല്ലായിരിക്കും ഉടമ്പടിയെന്ന് ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. മനോജ് കുമാർ അറോറ പറഞ്ഞു. കേന്ദ്ര സർക്കാർ ഗ്രാമങ്ങളുടെ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ ധാരണാപത്രം വഴിയൊരുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ഡീൻ ആക്കാദമിക്ക്സ് പ്രൊഫ. ടി.അശോകൻ, ഡീൻമാരായ ഡോ. എസ്.ഗ്ലോറി സ്വരൂപ, സുനിത ഗ്രാന്ധി, ഡെപ്യൂട്ടി ഡീൻ മഞ്ജുള ആർ അയ്യർ, സർവകലാശാല ട്രസ്റ്റ് സെക്രട്ടറി ബി.ഭവേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# പശ്ചിമേഷ്യൻ പ്രതിസന്ധി: 2.44 ലക്ഷം ഇന്ത്യക്കാരെ ഒഴിപ്പിച്ചു; സുരക്ഷ ഉറപ്പാക്കാൻ 'മിഷൻ മോഡിൽ' കേന്ദ്ര സർക്കാർ





**കൊച്ചി:** പശ്ചിമേഷ്യയിൽ യുദ്ധസമാനമായ സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ, പ്രവാസികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ നടത്തുന്ന വിപുലമായ പ്രവർത്തനങ്ങൾ പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ്. ഫെബ്രുവരി 28ന് മേഖലയിൽ സംഘർഷം ആരംഭിച്ചത് മുതൽ ഇതുവരെ ഏകദേശം 2,44,000 ഇന്ത്യൻ പൗരന്മാരെയാണ് വിവിധ രാജ്യങ്ങളിൽ നിന്നായി സുരക്ഷിതമായി നാട്ടിലെത്തിച്ചത്. വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ കഴിഞ്ഞ ദിവസം നടത്തിയ വാർത്താ സമ്മേളനത്തിലാണ് സർക്കാരിന്റെ ഈ 'മിഷൻ മോഡ്' പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെച്ചത്. പശ്ചിമേഷ്യയിലെ വിവിധ രാഷ്ട്രത്തലവന്മാരുമായി ഉന്നതതല നയതന്ത്ര ചർച്ചകൾ നടത്തിവരികയാണെന്നും ദശലക്ഷക്കണക്കിന് വരുന്ന ഇന്ത്യക്കാരുടെ സുരക്ഷയ്ക്കാണ് പ്രഥമ പരിഗണന നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. പൗരന്മാരെ നാട്ടിലെത്തിക്കാൻ ആകാശപാതകൾക്ക് പുറമെ സങ്കീർണ്ണമായ കരമാർഗ്ഗങ്ങളും സർക്കാർ പ്രയോജനപ്പെടുത്തുന്നുണ്ട്. പലയിടങ്ങളിലും വ്യോമാതിർത്തികൾ തടസ്സപ്പെട്ട സാഹചര്യം മറികടക്കാൻ ഇറാന്റെ അയൽരാജ്യങ്ങളായ അർമേനിയ, അസർബൈജാൻ എന്നിവ വഴിയാണ് പലരെയും എത്തിക്കുന്നത്. ഇത്തരത്തിൽ ഇറാനിൽ നിന്നുള്ള 284 തീർത്ഥാടകർ ഉൾപ്പെടെ 700 പേർ ഇതിനോടകം ഈ പാതയിലൂടെ സുരക്ഷിത കേന്ദ്രങ്ങളിൽ എത്തിക്കഴിഞ്ഞു. ഇവരിൽ 130 തീർത്ഥാടകരുടെ ഒരു സംഘം ഇന്ന് ന്യൂഡൽഹിയിൽ വിമാനമിറങ്ങും.

വിദേശകാര്യ മന്ത്രാലയത്തിന്റെ കൺട്രോൾ റൂം 24 മണിക്കൂറും സജീവമാണെങ്കിലും, ഒഴിപ്പിക്കൽ നടപടികൾ ഒരു പരിധി വരെ വ്യവസ്ഥാപിതമായതോടെ സഹായം തേടിയുള്ള അടിയന്തര കോളുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ വിലയിരുത്തുന്നു.ഗൾഫ് മേഖലയിലും ഒഴിപ്പിക്കൽ ദൗത്യങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. ദോഹയിലെ ഇന്ത്യൻ എംബസി ഖത്തർ എയർവേയ്സുമായി സഹകരിച്ച് 1,600ലധികം പൗരന്മാരെ ഇതിനോടകം നാട്ടിലെത്തിച്ചു. ഇതിനുപുറമെ, ഖത്തറിൽ നിന്ന് സൗദി അറേബ്യ വഴിയുള്ള കരയാത്ര സുഗമമാക്കാൻ സൽവ അതിർത്തിയിൽ താൽക്കാലിക ട്രാൻസിറ്റ് വിസകൾ ലഭ്യമാക്കുന്നതിന് സൗദി അധികൃതരുമായി നിരന്തര സമ്പർക്കം പുലർത്തുന്നുണ്ട്. കേവലം യാത്രാസൗകര്യം ഒരുക്കുന്നതിലുപരി, ഖത്തറിലെ ഇന്ത്യൻ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷണസാധനങ്ങൾ എത്തിക്കുന്നതിനും കോൺസുലാർ ഓഫീസുകൾ ആഴ്ചയിലുടനീളം തുറന്ന് പ്രവർത്തിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. യുഎഇയിൽ നിന്ന് പ്രതിദിനം ശരാശരി 70 വിമാനങ്ങൾ സർവീസ് നടത്തുന്നുണ്ടെന്നും ഒമാനിൽ നിന്ന് ഒരാൾ പോലും പിന്നിലാകാത്ത വിധം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ടെന്നും അഡീഷണൽ സെക്രട്ടറി അസീം ആർ. മഹാജൻ വ്യക്തമാക്കി.

## റിപ്പോർട്ട് പുറത്തിറക്കി ഫ്ളിപ്പ്കാർട്ട്

**കൊച്ചി:** ഫ്ളിപ്പ്കാർട്ട് പുറത്തിറക്കിയ പുതിയ പഠന റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഡെലിവറി പങ്കാളികളിൽ 59% പേർ ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറാൻ തയ്യാറാണെന്ന് കണ്ടെത്തി. രാജ്യവ്യാപകമായി നടത്തിയ 6,000ത്തിലധികം ഡെലിവറി പങ്കാളികളിലെ സർവേയിൽ 46% പേർ ഇവികളിലേക്ക് മാറാൻ താൽപര്യം പ്രകടിപ്പിച്ചു. എന്നാൽ ഉയർന്ന ആരംഭച്ചെലവ്, ചാർജിംഗ് സൗകര്യങ്ങളുടെ കുറവ്, വാഹനങ്ങളുടെ ലഭ്യത തുടങ്ങിയവ പ്രധാന വെല്ലുവിളികളായി തുടരുന്നു. ദിവസേന 40 മുതൽ 80 കിലോമീറ്റർ വരെ സഞ്ചരിക്കുന്ന ഡെലിവറി പ്രവർത്തനങ്ങൾ ഇവികളുടെ ശേഷിയോട് പൊരുത്തപ്പെടുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇലക്ട്രിക് വാഹനങ്ങൾ ഇന്ധനച്ചെലവ് 70 മുതൽ 80% വരെ കുറയ്ക്കാനും വരുമാനം വർധിപ്പിക്കാനും സഹായിക്കുമെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

## സെക്യൂരിറ്റി സൊല്യൂഷൻസ് അവതരിപ്പിച്ച് ഗണ്ണേബോ




**കൊച്ചി:** സെക്യൂരിറ്റി സൊല്യൂഷൻസിൽ ആഗോള നേതാവായ ഗണ്ണേബോ, സ്റ്റീലെജ് ബ്രാൻഡിന് കീഴിൽ പുതിയ തലമുറ സുരക്ഷാ ഉൽപ്പന്നങ്ങൾ കൊച്ചിയിൽ നടന്ന ചാനൽ പാർട്ണർ കോൺഫറൻസിൽ അവതരിപ്പിച്ചു. ഡൈനസ്റ്റൈൽഡ് വാൾട്ട് ഡോർ ഡൈനഷീൽഡ് മോദുലർ സേഫ്, ഫോർട്ടിസെക് പ്രൊ എന്ന ഫിംഗർപ്രിന്റ് അടിസ്ഥാനത്തിലുള്ള ഇലക്ട്രോണിക് ലോക്ക് എന്നിവയാണ് പ്രധാന പുതുമകൾ. കൂടാതെ ഹാൽമാർക് സേഫ്സ് ശ്രേണിയിലും ഗ്ലാഡിയസ്സ്, ഇഗ്നിസ് എന്നീ സുരക്ഷാ യൂണിറ്റുകളിലും പുതിയ മോഡലുകൾ അവതരിപ്പിച്ചു.

കവർച്ചയും തീപിടിത്തവും തടയാനുള്ള സൗകര്യങ്ങളോടെ ഇവ രൂപകൽപ്പന ചെയ്തിരിക്കുന്നു. ഇന്ത്യയിൽ തന്നെ രൂപകൽപ്പന ചെയ്ത് നിർമ്മിച്ച ഈ ഉൽപ്പന്നങ്ങൾ ജ്വല്ലറി, ധനകാര്യ, വാണിജ്യ, ഗൃഹ മേഖലകളിലെ സുരക്ഷാ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലക്ഷ്യമിടുന്നു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com